(ബി) കെ.എസ്.ഐ.ഡി.സി., കിൻഫ്ര തുടങ്ങിയ സ്ഥാപനങ്ങൾക്ക് ഈ പ്രവർത്തനങ്ങളുടെ ചുമതല ഏൽപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇവയുടെ ചുമതലകളും ഇതുമായി ബന്ധപ്പെട്ട് നടത്തിവരുന്ന പ്രവർത്തനങ്ങളും വിശദമാക്കുമോ;

(സി) പുതുതായി നിക്ഷേപം മുടക്കിയവയിൽ കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിൽ നിന്നുള്ള മുതൽമുടക്ക് എത്രയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി) 2003 ഫെബ്രുവരിയിൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള നിക്ഷേപ പ്രോത്സാഹന ബോർഡ് രൂപീകരിച്ചതാണ് മുഖ്യനടപടി. 'ജിം' പദ്ധതികളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും അവയ്ക്ക് വേണ്ടുന്ന അനുമതികൾ ത്വരിതപ്പെടുത്തുകയുമാണ് ബോർഡിന്റെ ലക്ഷ്യം. കെ.എസ്.ഐ.ഡി.സി.-യുടെ മാനേജിംഗ് ഡയറക്ടർ ഈ ബോർഡിന്റെയും സെക്രട്ടറിയാണ്. ഇതിന്റെ ഫീൽഡ് ഓഫീസ് ആയി കെ.എസ്.ഐ.ഡി.സി. പ്രവർത്തിക്കുന്നു. നിക്ഷേപക പ്രോത്സാഹന ബോർഡിന്റെ ചുമതലകൾ സംബന്ധിച്ചു പുറപ്പെടുവിച്ച ഉത്തരവുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ വഴി താഴെ പറയുന്ന മൂന്ന് പ്രോജക്റ്റുകളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. 'ജിം' ൽ പ്രധാനമന്ത്രി പ്രഖ്യാപിച്ച 10,000 കോടി രൂപയുടെ നിക്ഷേപ വാഗ്ദാനത്തിൽ ഇവ ഉൾപ്പെടുന്നു:

(1) കായംകുളം തെർമൽ പ്ലാന്റിന്റെ ഉൽപ്പാദനശേഷി വികസനം

(2) കൊച്ചി റിഫൈനറിയുടെ വികസനം

(3) എൻ. എം. ഡി. സി.-യും ഐ. ആർ. ഇ.-യും യോജിച്ചുള്ള ധാതു സംസ്കരണവും സിന്തറ്റിക് റൂട്ടൈൽ ഉൽപ്പാദനവും.

'ജിം' പദ്ധതിയുടെ നടത്തിപ്പിനായി രൂപീകരിച്ച് കമ്മിറ്റി

98 [4847] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ജിം' പദ്ധതികളുടെ നടത്തിപ്പിനായി രൂപീകരിച്ച ഉദ്യോഗസ്ഥതല കമ്മിറ്റി പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ഇതുവരെ എത്ര പ്രാവശ്യം യോഗം ചേർന്നിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഈ യോഗങ്ങളിലെ തീരുമാനപ്രകാരം എത്ര പദ്ധതികൾക്ക് അംഗീകാരം നൽകി എന്ന് അറിയിക്കുമോ;

(സി) അംഗീകാരം നൽകിയ പദ്ധതികളുടെ തുടർനടത്തിപ്പ് സംബന്ധിച്ച് ഈ കമ്മിറ്റിക്ക് എന്തെങ്കിലും ചുമതലയുണ്ടോ എന്ന് വിശദമാക്കാമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നിക്ഷേപക പ്രോത്സാഹന ബോർഡ് നാലുപ്രാവശ്യം യോഗം ചേർന്നിട്ടുണ്ട്.

(ബി) 40 പദ്ധതികൾക്ക് അംഗീകാരം നൽകുകയുണ്ടായി.

(സി) പദ്ധതികൾ നടപ്പിലാക്കുന്നതിൽ എന്തെങ്കിലും തടസ്സം ഉണ്ടാകുന്നെങ്കിൽ അത് മാറ്റുന്നതും വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് പ്രശ്ന പരിഹാരങ്ങൾക്ക് നിർദ്ദേശം നൽകുന്നതും നിക്ഷേപക പ്രോത്സാഹന ബോർഡിന്റെ ചുമതലയിൽപ്പെടുന്നു.

വ്യവസായികൾക്ക് മുതൽ മുടക്കുവാൻ പ്രേരണ നൽകുന്നതിന് നടപടികൾ

99 [4849] ശ്രീ. സി. പി. മുഹമ്മദ്:
,, ടി. എൻ. പ്രതാപൻ:
,, കെ. മോഹൻകുമാർ:
,, കെ. എ. ചന്ദ്രൻ:
,, ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടായ സമരങ്ങളും ഹർത്താലുകളും സംസ്ഥാനത്ത് ജിം-നെ തുടർന്ന് വ്യവസായങ്ങൾ സ്ഥാപിക്കുവാൻ തയ്യാറായ വ്യവസായികളെ അതിൽനിന്നും പിന്തിരിപ്പിച്ചിട്ടുണ്ടോ;

(ബി) ഇപ്രകാരം പിൻവാങ്ങിയ വ്യവസായികൾക്ക് സംസ്ഥാനത്ത് മുതൽ മുടക്കുവാൻ വേണ്ട പ്രേരണ നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ, ബി) ജിം-നെ തുടർന്ന് വ്യവസായങ്ങൾ സ്ഥാപിക്കുവാൻ തയ്യാറായ വ്യവസായികൾ സമരങ്ങളും ഹർത്താലുകളും കാരണം അവരുടെ ഉദ്യമത്തിൽനിന്നും പിന്തിരിഞ്ഞതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ചെറുകിട വ്യവസായങ്ങൾക്ക് ക്ലസ്റ്റർ അപ്രോച്ച്

100 [4850] ശ്രീ. പി. ടി. തോമസ്:
,, എ. കെ. മണി:
,, വർക്കല കഹാർ:
,, കെ. മുഹമ്മദാലി:
,, ലൂഡി ലൂയിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട വ്യവസായങ്ങൾ സ്ഥാപിക്കുന്ന കാര്യത്തിൽ സംസ്ഥാനത്ത് ക്ലസ്റ്റർ അപ്രോച്ച് സ്വീകരിക്കുവാൻ തുടങ്ങിയിട്ടുണ്ടോ;

(ബി) എങ്കിൽ അതുകൊണ്ടുള്ള ഗുണങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(സി) സംസ്ഥാനത്ത് ഇതുവരെ ഏതെല്ലാം സ്ഥലങ്ങളിൽ ചെറുകിട വ്യവസായങ്ങളുടെ ക്ലസ്റ്റർ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly